## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- വെള്ളം കെട്ടി നിൽക്കുന്ന മണ്ണിലും ഈർപ്പം കുറഞ്ഞ മണ്ണിലും ഉപയോഗിക്കരുത്.
- ചാരം, കുമ്മായം മുതലായവയുടെ കൂടെ ഉപയോഗിക്കരുത്.
- ട്രൈക്കോഡെർമ ഉപയോഗിച്ച് 10-14 ദിവസത്തിന് ശേഷം മാത്രം രാസവളങ്ങളോ, ഇതര കീടനാശിനികളോ പ്രയോഗിക്കാവു.
- ഉൽപന്നത്തിന്റെ കാലാവധി തീരുന്നതിനു മുൻപ് ഉപയോഗിക്കാൻ ശ്രദ്ധിക്കുക.

തയ്യാറാക്കിയത്
**പ്രവീണ ആർ, പ്രിയ ജോർജ് & ലിജോ തോമസ്**

പ്രസാധകൻ
**ഡയറക്ടർ, ഐ.സി.എ.ആർ–ഐ.ഐ.എസ്.ആർ**
(ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം)
കോഴിക്കോട് - 673012, കേരളം

കൂടുതൽ വിവരങ്ങൾക്ക്– 0495 2730704





2023/05
Extension Folder

# ട്രൈക്കോഡെർമ

## മിത്രകുമിൾ (പൊടി രൂപത്തിൽ)



**ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം**
**കോഴിക്കോട്, കേരളം**





## എന്താണ് ട്രൈക്കോഡെർമ

മണ്ണിൽ നിന്നും വേർതിരിച്ചെടുത്ത മിത്രകുമിളായ ട്രൈക്കോഡെർമ വിളകളുടെ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനും, രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിനും സഹായിക്കുന്നു. ഇത് കൂടാതെ ചെടികളുടെ വളർച്ച ത്വരിതപ്പെടുത്തുവാൻ സഹായിക്കുന്ന വിവിധ തരത്തിലുള്ള ഹോർമോണുകൾ, എൻസൈമുകൾ എന്നിവ ട്രൈക്കോഡെർമ ഉത്പാദിപ്പിക്കുകയും ചെയ്യുന്നു. രോഗകാരികളായ ചില കുമിളുകളെ നശിപ്പിക്കുവാനും ഇവയ്ക്ക് സാധിയ്ക്കും.

## ഏതൊക്കെ രോഗങ്ങൾക്ക്

കുരുമുളകിലെ ദ്രുതവാട്ടം, ഏലത്തിലെ അഴുകൽ, തെങ്ങിലെ ചെന്നീരൊലിപ്പ്, ഇഞ്ചിയിലെ മൂടുചീയൽ, പയറിലെ ചുവട് അഴുകൽ, പച്ചക്കറികളിലെ മൂടുചീയൽ എന്നീ കുമിൾ രോഗങ്ങൾക്ക് ട്രൈക്കോഡെർമ ഫലപ്രദമാണ്.

## എങ്ങനെ ഉപയോഗിക്കണം

ഉണക്കിപ്പൊടിച്ച ചാണകപ്പൊടി (90 കിലോ), വേപ്പിൻ പിണ്ണാക്ക് (10 കിലോ) എന്നിവ നന്നായിട്ട് ചേർത്തിളക്കുക. ഈ മിശ്രിതത്തിൽ വെള്ളം തളിച്ച് ഇളക്കി പുട്ടുപൊടി പരുവത്തിലാക്കുക. ഇതിലേയ്ക്ക് 1-2 കിലോ ട്രൈക്കോഡെർമ അടങ്ങിയ ടാൽക്കം പൊടി വിതറി മിശ്രിതം നന്നായിട്ട് ഇളക്കി യോജിപ്പിക്കുക. ഇങ്ങനെ തയ്യാറാക്കിയ മിശ്രിതം തണൽ ഉള്ള സ്ഥലത്ത് ഒരടി ഉയരത്തിൽ നിരത്തി നനഞ്ഞ ചാക്കോ, പത്രക്കടലാസോ, അല്ലെങ്കിൽ സുഷിരങ്ങളുള്ള പോളിത്തീൻഷീറ്റ് കൊണ്ടോ മൂടിയിടണം. നാലഞ്ച് ദിവസത്തെ ഇടവേളകളിൽ ഈ മിശ്രിതം ഇളക്കി കൊടുക്കുകയും ആവശ്യമെങ്കിൽ വെള്ളം തളിച്ച് കൊടുക്കുകയും വേണം. 14 ദിവസം കഴിയുമ്പോൾ ട്രൈക്കോഡർമയുടെ വളർച്ച മിശ്രിതത്തിൽ പ്രത്യക്ഷത്തിൽ തന്നെ കാണാവുന്നതാണ്. മിത്ര കുമിൾ കൊണ്ട് സമ്പുഷ്ടീകരിച്ച ഈ മിശ്രിതം വിളകളുടെ ചുവട്ടിൽ വിതറി മണ്ണിൽ ചേർത്തു കൊടുക്കാം. വർഷത്തിൽ രണ്ടു തവണ കാലവർഷത്തിന് മുൻപായും (മെയ് - ജൂൺ) തുലാവർഷത്തിനൊടുവിലായും (സെപ്തംബർ - ഒക്ടോബർ) ചെടികൾക്ക് നൽകാവുന്നതാണ്.

